# നീല നിലാവ്

## സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ അങ്ങാടികടവ്

ലിറ്റിൽ കൈറ്റ് 22-25

# വിദ്യാർത്ഥികളും ധാർമിക മൂല്യങ്ങളും

ഒരിക്കൽ ഗാന്ധിജി പറഞ്ഞു. " നിങ്ങൾ ഭാവിയുടെ പ്രതീക്ഷയാണ് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുമ്പോൾ പൊതുജീവിതത്തിൽ പ്രവേശിക്കുവാനുംനിർധനരെ സേവിക്കാനും നിങ്ങൾ കടന്നു വരേണ്ടിയിരിക്കുന്നു. അതിനാൽ നിങ്ങൾക്ക് കൂടുതൽ കർത്തവ്യ ബോധം ഉണ്ടാകണം. അത് നന്നായി പ്രയോഗത്തിൽ കാണിക്കുകയും വേണം. വിദ്യാഭ്യാസകാലത്ത് തോന്നുന്ന പല നൂതനാശയങ്ങളും ആദർശങ്ങളും കലാശാല വിട്ട് ഇറങ്ങുമ്പോൾ നാം മറക്കുന്നു. ഭൂരിപക്ഷം വിദ്യാർത്ഥികളുടെയും അവസ്ഥ ഇതാണ്. ജീവിക്കുവാൻ വേണ്ടിയുള്ള ധന സമ്പാദനത്തിൽ മാത്രമായി പിന്നെ ശ്രദ്ധ".

അതെ, പുതിയ പുതിയ സാമ്രാജ്യങ്ങൾ വെട്ടിപ്പിടിച്ച് നവനവങ്ങളായ അരമനകൾ പടുത്തുയർത്തുവാനുള്ള കുതിച്ചു പായലിനിയുടെ പുതിയ തലമുറയ്ക്ക് മുന്നിൽ സത്യം ന്യായവും നീതിയും ഒക്കെ അർത്ഥം നഷ്ടപ്പെട്ട കുറേ പദങ്ങളായി മാറിയിരിക്കുകയാണെന്ന്. ധാർമികതയുടെ വിത്തുകൾ ഹൃദയത്തിൽ ഏറ്റുവാങ്ങേണ്ട ബാല്യകാലം പോലും ആധുനിക ലോകത്തിന്റെ ആർഭാടങ്ങളും ആസക്തികളുമാണ് ഏറ്റുവാങ്ങുന്നത്.

മനുഷ്യജീവിതത്തിന് അർത്ഥം നൽകുന്നതെന്തും മൂല്യങ്ങളാണ്. സകല മതങ്ങളും മനുഷ്യസ്നേഹികളും ലക്ഷ്യം വെക്കുന്നത് ധാർമിക മൂല്യങ്ങളിൽ അധിഷ്ഠിതമായ നല്ലൊരു ലോകമാണ്. മാനുഷികതയുടെയും മനുഷ്യജീവിതത്തിന്റെയും ഒക്കെ അടിവരെയായ മൂല്യങ്ങളുടെ ആർജ്ജവം തന്നെയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യവും. യാജ്ഞവൽക്യാൻ വിദ്യാഭ്യാസത്തെഇങ്ങനെ നിർവചിച്ചു." ഒരു വ്യക്തിയെ സൽസ്വഭാവിയും ലോകത്തിന് ഉപകാരിയും ആക്കി തീർക്കുകയാണ് വിദ്യാഭ്യാസം കൊണ്ട് ചെയ്യേണ്ടത് "." ഒരു വ്യക്തിയിൽ കഴിയുന്നത്ര പൂർണ്ണത വരുത്തുകയാണ് വിദ്യാഭ്യാസത്തിൽ ചെയ്യേണ്ടതെന്ന് ജോൺ ഡിയിയും പറഞ്ഞു". ഡ്യൂയി തന്റെ വാക്കുകളിൽ ഉദ്ദേശിച്ച ഈ പൂർണ്ണത വികസനത്തിന്റെയും ശാസ്ത്രത്തിന്റെയും ഒക്കെ കാര്യത്തിൽ മനുഷ്യൻ അതിവേഗം നേടിയെടുത്തു; അതല്ലെങ്കിൽ നേടിയെടുത്തു കൊണ്ടിരിക്കുന്നു. എന്നാൽ ധാർമിക മൂല്യങ്ങളുടെയും നീതി നിഷ്ഠയുടെയും ഒക്കെ കാര്യത്തിൽ ഈ പൂർണ്ണതയിൽ എത്താൻ മനുഷ്യനെ കഴിഞ്ഞിട്ടുണ്ടോ? കാലം ചെല്ലുംതോറും ശാസ്ത്രത്തിന്റെയും വികസനത്തിന്റെയും ഒക്കെ പാതയിൽ കടിഞ്ഞാണില്ലാത്ത കുതിരയെ പോലെ കുതിച്ചു പായുന്ന മനുഷ്യന്റെ ധാർമിക മൂല്യങ്ങൾ അതനുസരിച്ച് ദിനംപ്രതി ചോർന്നു പോയിക്കൊണ്ടിരിക്കുകയാണ്. സകല ധാർമിക മൂല്യങ്ങളുടെയും അടിസ്ഥാനം സ്നേഹമാണ്. ലോകത്തിലെ സകല ബന്ധങ്ങളെയും ഊട്ടിയുറപ്പിക്കുന്നത് ഇതേ സ്നേഹം തന്നെ. യുദ്ധവും കൊലപാതവും ഒക്കെ സ്നേഹരാഹിത്യത്തിന്റെ സന്തതികളാണ്. ജാതിമത വർഗ്ഗ ഭേദമില്ലാതെ ഈശ്വരൻ സൃഷ്ടിച്ച സകലരും ശ്രേഷ്ഠവും തുല്യവും ആണെന്നുള്ള ബോധമാണ് ധാർമികതയുടെ അടിസ്ഥാനം.

വിദ്യാഭ്യാസം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരു വ്യക്തിയിൽ ധാർമിക മൂല്യങ്ങളുടെ വിത്തുപാകി നാടിനും വീടിനും ദേശത്തിനും മുതൽക്കൂട്ടായ ഉത്തമ പൗരനായി വാർത്തെടുക്കലാണ്. മനുഷ്യത്വത്തിന്റെ അവസാന തുള്ളി വരെ ഊറ്റിക്കളഞ്ഞ് ബുദ്ധിപരമായ വികാസ മാത്രം പ്രാപിച്ച ഒരു പറ്റം മനുഷ്യരെ സൃഷ്ടിക്കലാണ് വിദ്യാഭ്യാസം ചെയ്യുന്നതെങ്കിൽ അത് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിൽ നിന്നും ഏറെ അകലെയാണ്.

ഒന്നും എഴുതാത്ത വെള്ള കടലാസ് പോലെ നിർമ്മലമാണ് ബാലമനസ്സുകൾ അതിലേക്ക് പകർന്ന് നൽകപ്പെടുന്ന ഓരോ നല്ല വാക്കും ചിന്തയും ഭാവിയിൽ അവരെ നയിക്കുന്ന ജീവിത നിയമങ്ങൾ ആയി മാറും.

അങ്ങനെ അക്രമവും അഴിമതിയും കൊലപാതകവും ഒക്കെ നിറഞ്ഞുനിൽക്കുന്ന ആധുനിക സമൂഹത്തിൽ സത്യത്തിന്റെ ന്യായത്തിന്റെ. നീതിയുടെ പ്രകാശം പരത്തുന്ന മെഴുകുതിരി ആകട്ടെ ഓരോ വിദ്യാർത്ഥിയും.

JERIN SANTHOSH

# The Grammar Family

This is a story of grammar family, once there lived a man named “Noun” and his wife “Verb”. They have two sons and a daughter. The elder son is “Pronoun” who often looks after his family in the absence of his father “Noun”. The younger son.“Adjective” who describe his father. His sister “Adverb” who describe his mother “Verb”. The family has a servant named “Interjection” ,who is a fool. He express his feeling suddenly, that peoples are surprised at him.
“Conjunction” got a matrimonial relation with this family. And Noun has a cousin with name, “Preposition”, who always try to convert the Noun and his family in right path. This family lives happily in the kingdom of “ENGLISH”

**JUSTO SAJI**
**IX B**

*“Live as if you were to die tomorrow. Learn as if you were to live forever”*

***Mahatma Gandhi***

# എന്റെ ഗ്രാമം

ഒരു കൊച്ചു ഗ്രാമമാണെന്റെ ഗ്രാമം
ഒരരുവി തൻ തീരത്താണെന്റെ വീട്
പച്ചപ്പാർന്ന വയലുകളും പിന്നെ
സഹ്യ കൊട്ടുമുടി എന്നു തോന്നുന്നകുളം
സസ്യലതാദികൾ നിറഞ്ഞ ഗ്രാമം
പക്ഷിമൃഗാദികൾ ഏറെയുണ്ട്
അംഗനവാടികൾ സ്കൂളുകളും പിന്നെ
കേന്ദ്രീയ വിദ്യാലയങ്ങൾ വേറെ
പഞ്ചായത്താഫിസും പോസ്റ്റോഫിസും പിന്നെ
ഗ്രാമീണ ബാങ്കുകൾ വേറെയുണ്ട്
പള്ളിമണി നാദവും ബാങ്കുവിളികളും
ഹിന്ദുവും ക്രിസ്ത്യനും മുസൽമാനുമെല്ലാരും,
ഒന്നാണെന്നുള്ള ഏക സ്വരം

-JERIN SANTHOSH

## NELSON MANDELA

" The most
important thing is to
enjoy your life-
to be happy-
its all that matters."

# ഭൂമിയുടെ നൊമ്പരം

നമ്മുടെ ഭൂമി മരിച്ചുകൊണ്ടിരിക്കുകയാണ്? അതെ എന്ന് നമ്മുടെ മനസ്സ് അറിയാതെ മന്ത്രിക്കുന്നുണ്ടാവും. കടലും, കരയും, ആകാശവും ഒക്കെ തന്നെ മലിനമയവും വിഷമയവും ആയിക്കൊണ്ടിരിക്കുമ്പോൾ ഭൂമിയിലെ ഓരോ മൺതരിയും അവസാന ശ്വാസത്തിനായി പിടയുകയാണ്. ഇങ്ങനെ പോയാൽ മനുഷ്യന്റെയും മറ്റ് ജീവജാലങ്ങളുടെയും നിലനിൽപ്പ് തന്നെ അപകടാവസ്ഥയിലാണ് എന്ന് ഞെട്ടിക്കുന്ന സത്യം നാം ഉൾക്കൊള്ളേണ്ടിവരും. ചുറ്റിലും ആയിരക്കണക്കിന് പണമുള്ള വിഷ സർപ്പങ്ങൾ നമുക്ക് നേരെ വിഷം ചീറ്റുകയാണ്. അഹങ്കാരിയായ മനുഷ്യൻ ഭൂമിദേവിയുടെ ഹൃദയത്തിന് നേരെ വാങ്ങി നിൽക്കുന്ന ദുരന്ത കാഴ്ചയാണ് നമുക്ക് കാണുവാൻ സാധിക്കുന്നത്. പ്രാണവായു നമ്മുടെ വസ്ത്രം, ഭക്ഷണം, വെള്ളം, ഉപയോഗിക്കുന്ന ഔഷധം ഒക്കെയും മലിനവുംവിഷമയവും ആകുന്നു.നമ്മുടെ ഓരോ ശരീരകോശങ്ങളും മാലിന്യങ്ങളുടെ കൂടാരമാകുന്നു. മുമ്പ് മനുഷ്യശരീരത്തിനുള്ളിൽ ജീവിച്ചിരുന്ന വിരകൾ ഇന്ന് അപ്രത്യക്ഷമാണ് വിഷമയമായ വസ്തുക്കൾ ഭക്ഷിക്കുന്ന മനുഷ്യ ശരീരത്തിൽ അവയ്ക്ക് ജീവിക്കാൻ സാധിക്കാത്ത അവസ്ഥയായതിനാലാണ് ഇങ്ങനെ സംഭവിച്ചത്. എന്നും മനുഷ്യരക്തം മാത്രം ഭക്ഷണം ആകുന്ന  മൂട്ടകൾ പോലും ഇതേ കാരണത്താൽ ഇന്ന് അപ്രത്യക്ഷമാണ് എന്ന് പറയപ്പെടുന്നു.

നമ്മെ വിഴുങ്ങുന്ന ഈ വിപത്തുകൾ എവിടെ നിന്നു വന്നു എന്ന് ഒരുവേള ചിന്തി- ച്ചാൽ എല്ലാം നമ്മൾ തന്നെ വരുത്തിയതാണ് എന്ന് നമ്മുടെ മനസ്സ് പറയും. നമ്മെ രക്ഷിക്കാമെന്ന് വാഗ്ദാനം നൽകിയവർ മലിനീകരണ കുത്തകകളുടെ ഇച്ഛയ്ക്ക് അനുസരിച്ച് തുള്ളുകയാണ്. ഫലമോ കുടിവെള്ളം വറ്റുന്നു. മഴ കുറയുക- യും കാലം തെറ്റുകയും ചെയ്യുന്നു. വെയിലിന്ന് ചൂടേറുന്നു. മണ്ണ് കത്തുന്നു. താപ- നില വർദ്ധിച്ച് തീക്കാറ്റ് വരുന്നു. മരുഭൂമികൾ വളർന്നു വളർന്നു കരയുടെ മുന്നി- ലൊന്ന് മരു പ്രദേശമായി തീരുമ്പോൾ പച്ചിലക്കാടുകൾ കത്തിയെരിയുകയാണ്. വ്യവസായശാലകൾ വർഷിക്കുന്ന പുകയിൽ മുഖം കാണുവാൻ ആവാതെ നാം തപ്പിത്തടയുകയാണ്. മനുഷ്യസഹജമായ ആർത്തിയും കിട മത്സരവും വരു- ത്തിയ വിപത്ത് നമ്മെ മാംസമറ്റ അസ്ഥി കോലങ്ങൾ ആക്കിയിരിക്കുന്നു.

കടലിൽ കാലകാലങ്ങളിൽ ഒഴുകിയ കോടിക്കണക്കിന് ലിറ്റർ എണ്ണ കടലിനു മുകളിൽ ഒരു പാഠ പോലെ പടർന്നു കിടക്കുമ്പോൾ മത്സ്യങ്ങളും മറ്റു കടൽ സസ്യങ്ങളും കൂട്ടത്തോടെ നശിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ലോകത്തെ പ്ര- തിവർഷം380 കോടി ടൺ ഖ രമാലിന്യങ്ങൾ പുറന്തള്ളുന്നു എന്നതാണ് കണ- ക്കുകൾ പറയുന്നത്. നമ്മുടെ ഇന്ത്യയിൽ പ്രതിവർഷം 3000 ക്യൂബിക് മീറ്റർ മലി- നജലം വ്യവസായശാലകൾ പുറന്തള്ളുന്നു എന്ന് പറയപ്പെടുന്നു. കൂടാതെ 25 കോടി ടൺ പൊടിപടലങ്ങൾ, കോടി ടൺ വിഷവാതകങ്ങൾ എന്നിവ പുറമെ- യും എന്ന് കണക്കുകൾ പറയുന്നു.

പാരീസിലെ ന്യൂസ് പേപ്പറിൽ ഇനി ഒരു മഴ ജനം ആഗ്രഹിക്കുന്നില്ല എന്ന് അച്ചടിച്ചു വന്നതായി ഒരു ലേഖനത്തിൽ വായിക്കാൻ ഇടയായത് ഓർമ്മയിൽ വന്നു. മഴ കാരണം കൂടിയ ദുരന്തം അനുഭവിക്കുന്നവരാണ് അവരൊക്കെ

നമ്മുടെ കൊച്ചു കേരളം മഴയ്ക്കുവേണ്ടി ആകാശത്തേക്ക് കണ്ണുംനട്ട് ഇരിക്കു- മ്പോഴാണ് അവിടെ മഴ വേണ്ടെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നത്. മുൻകാലങ്ങ- ളിൽ മലയാളി മുങ്ങിക്കുളിച്ചിരുന്ന പുഴകളിൽ ഇന്ന് അധസാധ്യമായ അവസ്ഥ- യാണ്. ഇപ്പോൾ അങ്ങനെയുള്ള തോടോ പുഴയോ നമുക്കുണ്ടോ? എല്ലാം മാലി- ന്യമല്ലേ? മാലിന്യങ്ങൾ വാഹനങ്ങളിൽ കൊണ്ടുവന്ന ജലാശയങ്ങളിൽ തള്ളുക എന്നത് 100 ശതമാനം സാക്ഷരത നേടിയ മലയാളിയുടെ പുതിയ സംസ്കാര- മായി മാറിയിരിക്കുകയാണല്ലോ? പണ്ടത്തെ നെൽ വയലുകളും അതിൽ പെറു- ക്കുന്ന പലതരം പക്ഷികളും ചെറു തോടുകളും അതിലെ ചെറുമത്സ്യങ്ങളും എല്ലാം പോയി മറഞ്ഞിരിക്കുന്നു. നെൽകൃഷി അപ്രത്യക്ഷമായി എല്ലായിടത്തും വൻ കെ-

ട്ടിടങ്ങൾ രൂപം കെട്ടിയിരിക്കുന്നു. ഇതാണ് ദൈവത്തിന്റെ സ്വന്തം നാടിന്റെ അവസ്ഥ. പ്രകൃതിയെ നശിപ്പിച്ചുകൊണ്ട് ഒരു സമൂഹത്തിനും ഭൂമിയിൽ നില-നിൽക്കാൻ സാധിക്കുകയില്ല എന്നത് ഒരു സത്യമാണ്. ഇങ്ങനെ പോയാൽ അടുത്ത തലമുറയ്ക്കായി നമുക്ക് കരുതിവയ്ക്കാൻ ആവുന്നത് വൃക്ഷങ്ങൾ ഇല്ലാത്ത, കുടിവെള്ളത്തിനായി കേഴുന്ന, വനങ്ങളും പക്ഷികളും, മൃഗങ്ങളും നഷ്ടപ്പെട്ട വിഷ മാലിന്യങ്ങൾ നിറഞ്ഞ മരുഭൂമിയായി കൊണ്ടിരിക്കുന്ന കോൺക്രീറ്റ് സൗദങ്ങൾ മാത്രമുള്ള ശ്മശാന തുല്യമായ നാടായിരിക്കും.

നമ്മൾ ജാഗ്രത പാലിക്കേണ്ടിയിരിക്കുന്നു. കുറച്ചു തീരുമാനങ്ങൾ എടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. എന്താണ് പ്രതിവിധി എന്ന് നമുക്ക് നല്ലപോലെ അറിയാം. കൂടാതെ അതിപ്രഗൽഭരായ പരിസ്ഥിതി ശാസ്ത്രജ്ഞന്മാരും വിവിധ മേഖലകളിൽ ഉള്ള പണ്ഡിതന്മാരും പുതിയ പുതിയ നിർദ്ദേശങ്ങളും ഉപദേശങ്ങ-ളും മുന്നറിയിപ്പുകളും നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. ഇവിടെ ബോധ-വൽക്കരണം തന്നെയാണ് വളരെ പ്രധാനപ്പെട്ട പ്രതിവിധി. അത് വിദ്യാർത്ഥി-കൾക്കും, അധ്യാപകർക്കും മാത്രമാണ് ശരിയായ അർത്ഥത്തിൽ ചെയ്യാൻ സാ-ധിക്കുക. അതിന് ഏറ്റവും വിശിഷ്ടമായ സ്ഥലം ക്ലാസ് മുറികൾ തന്നെയാണ്. പിഞ്ചു മക്കളെ നിന്ന് തന്നെ തുടങ്ങാം. എങ്കിൽ ഒരു പരിധിവരെ എല്ലാ ദുരന്ത-ങ്ങളും പിടിച്ചുനിർത്താം. അങ്ങനെ ഒരു പുതിയ തലമുറ ഉദിച്ചുയരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

***Geo Philip Shaji***

# MOMENTS IN OUR SCHOOL...

school and school days........In my opinion, these are the most memorable and valuable moments that a person can have in his life time. A school is a great and holy place where a little kid attains the most powerful weapon, that is education and knowledge. He can ever conquer the world using this sharp weapon. Remember that knowledge is power.

For me, school is such a great place from where i got the ardent desire to learn and reach the glorious heights of life. It helped me to shake my mind and character. Through the path of moral values. It helped me to light the spark of knowledge within me, lend a helping hand to the poor and a sense of caring the avoided ones.

My teachers and friends always supported and encourage me in all my academic activities and achievements. Teachers were very supportive and friendly. My friends where really good. All these helped greatly to get attached to school. Actually it is my second home. Like the saying 'Mata Pita Guru Daivam' School taught us to respect our elders and consider our parents and teachers next to God.

Friends realise that we are in the most precious part of our life time. These days will never come, once if it is over. We should love to enjoy this great and precious time.

***Adon Biju***

***‘’My message especially to young people is to have courage to think differently, courage to invent to travel the unexplored path, courage to discover the impossible and to conquer the problem is and succeed.***

***These are great qualities that they must work towards this is message to the young people.”***

***‘’Educationist should build the capacities of the spirit of injury creativity entrepreneurial and moral. Leadership among students and became their role model.”***

**A. P. J  Abdul Kalam**

# My Mother

Oh! My dear mother
I think of you
In rich and kind way
If you were near me every time
I could be, the happiest person
oh my dear mother
I think of you

**Deion Sanoj**

# SOUNDS OF NATURE

*Nature, Nature every where*
*I felt a beautiful sound;*
*The air touches the grass*
*and they are dancing*
*The birds are singing*
*The trees are laughing*
*Rivers are chattering*
*animals are gazing*
*They love the plant*
*Flowers with anemones*
*Oh! you great beauty*
*We love you nature*

*ABLE PS*

# ഓർക്കുകിൻ
# മർത്ത്യാ...

ദാരു നട്ടു നിരത്തിന്റെ ചാരെ ഞാൻ
നാളെ നമ്മുടെ സാമുഹ്യ നന്മയ്ക്കായ്
ഇന്നു ഞാൻ നട്ട ഓരോ മരങ്ങളും
നാളെ നിങ്ങളെ നോക്കി ചിരിക്കും
എന്റെ കുഞ്ഞിക്കിളികൾക്കിരിക്കുവാൻ
എന്റെ അണ്ണാറക്കണ്ണനുറങ്ങുവാൻ
ആ മരത്തിന്റെ ചില്ലകളൊന്നിലെൻ
കുഞ്ഞു പൈതങ്ങൾക്കു ഞാലു കെട്ടുവാൻ
നാട്ടിലില്ല പറവക്കിരിക്കുവാൻ
വൈദ്യുതി കമ്പിയല്ലാതെയെന്നുമേ
ആ മരത്തിൽ ചുവട്ടു പിഴുതുപോയി
ഇന്നലെ വന്ന രാക്ഷസ കൈകളാൽ
ഓർക്കുകിൻ മർത്ത്യാ...
ദുരാഗ്രഹമാണിത്
മരമൊരു വരമാണെന്നോർക്കുക......

***JUSTO SAJI***

# ആമയും മുയലും

ഒരിടത്ത് ഒരിടത്ത് ഒരു ആമയും മുയലും ഉണ്ടായിരുന്നു.അവർ

തമ്മിൽ പന്തായം വച്ചു. പന്തായം ആരംഭിച്ചു മുയൽ കഴിയുന്നത്ര

വേഗത്തിൽ ഓടി. ആമയാണെങ്കിൽ ആമയുടെ വേഗത്തിൽ ഓടി.

മുയൽ ഓടി മടുത്തപ്പോൾ ഒരു മരത്തിന്റെ ചുവട്ടിൽ വിശ്രമിച്ചു. മുയൽ അവിടെ കിടന്ന് ഉറങ്ങിപ്പോയി. ആമ പതിയെ ഓടി ഓടി

മുയലിനെ മറികടന്ന് പന്തായത്തിൽ വിജയിച്ചു.

-ധനഞ്ജയ് സി ഷാജി

# കൃഷിക്കാരൻ

ഒരിടത്തൊരു കൃഷിക്കാരൻ ഉണ്ടായിരുന്നു അയാളുടെ പേര് പത്രോസ് എന്നായിരുന്നു അയാളുടെ വിട്ടിൽ 5 അഗങ്ങൾ ഉണ്ടായിരുന്നു,ഭാ-ര്യ,അച്ചൻ,മക്കൾ 2 പേര് മക്കളുടെ പേര് ജോൺ,ലുക്കാ,ഭാര്യയുടെ പേര് ത്രേ-സിയാമാ,വല്യപ്പന്റെ പേര് അബ്രഹം.അവർ സന്തോഷത്തൊടെ ജിവിക്കുന്ന ഒരുകുടുബംമായിരിന്നു ജോൺ കൃഷിയിൽ സഹായിക്കുന്നവനായിരുന്നു ലുക്കാക്ക് കൃഷിയിൽ തൽപ്പര്യമില്ലായിരുന്നു അങ്ങനെയിരിക്കെ ഒരു ദിവസം വെള്ളപൊക്കം വന്ന് അയാളുടെ കൃഷിയെല്ലാം നശിച്ചു. എന്നിട്ടും അയൾ ആ പ്രതിസന്ധികളിൽ  തളരാതെ അയാൾ അതിനെ അതിജിവിച്ചു.

ആൽബിൻ റോയി
പ്രിൻസ് ഷാജി

# എന്റെ ഗ്രാമം

നമ്മുടെ നാട് മനോഹരം
പ്രകൃതീ രമണീയമായ നാട്
സദസൗഫഭമെല്ല് അടങ്ങുന്ന നാട്
എല്ലാരും ഒന്നായീ നടക്കുക നാട്

നമ്മൾ ഒന്നാന്ന് എന്ന ഒരു ബോധം ആരേയും
വേദനിപ്പിക്കാതെ ഒരുമയിൽ
പരസ്പരസഹായത്തിലൂടെ എല്ലാരു കഴീയുന്നു

***ആൽബീൻ സുരേഷ്***

# പ്രാവുകളും വേട്ടക്കാരനും

ഒരുടത്തൊരു പ്രാവിൻ കൂട്ടം ഉണ്ടായിരുന്നു. അവയെ പിടിക്കാൻ ഒരു വേട്ടക്കാരൻ കെണിയൊരുക്കി. ഒരു ദിവസം പ്രാവിൻകൂട്ടം ആകാശത്തുകൂടി പറക്കുകയായിരുന്നു. അപ്പോൾ അവർ താഴെ അരിമണികൾ കണ്ടു. അവർ അങ്ങോട്ട് പോയി. മുതിർന്ന പ്രാവ് അവരെ തടയാൻ നോക്കി. അവർ അത് കേൾക്കാതെ പോയി. അവർ അത് കഴിച്ചുകൊണ്ടിരിക്കുമ്പോൾ വേട്ടക്കാരൻ വന്നു. വേട്ടക്കാരൻ അവരെ കൊന്നു.

*ഗുണപാഠം: മുതിർന്നവർ പറയുന്നത് അനുസരിക്കണം*

*Angel,Andrea&Nelha*

# എട്ടുകാലിയും പൂമ്പാറ്റയും

ഒരിടത്തൊരിടത്ത് ഒരു എട്ടുകാലിയും പൂമ്പാറ്റയും ഉണ്ടായിരുന്നു. ഒരു ദിവസം ആ എട്ടുകാലി ചിലന്തി വല കെട്ടുവായിരുന്നു.അപ്പോൾ അതുവഴി ഒരു പൂമ്പാറ്റ പറന്നു വന്നു.അപ്പോൾ ആ എട്ടുകാലി മനസ്സിൽ വിചാരിച്ചു ഈ പൂമ്പാറ്റയെ എങ്ങനെ കഴിക്കാം.അപ്പോൾ ആ എട്ടുകാ-ലിയുടെ മനസ്സിൽ ഒരു ബുദ്ധി വന്നു.ഈ എട്ടുകാലിയുമായി സുഹ്രത്ബ-ന്ദം സ്ഥാപിച്ച് ഇതിനെ തിന്നാം എന്ന്.അങ്ങനെ അവർ സുഹ്രത്തുക്ക-ളായി.ഒരു ദിവസം ആ പൂമ്പാറ്റയെ കഴിക്കാൻ തക്കം പാർത്തിരുന്നസ-മയത്ത് എട്ടുകാലി പറഞ്ഞു നീ നിൻ്റെ വീട്ടിലുള്ള എല്ലാവരെയും കൂട്ടി വരാൻപറഞ്ഞു. എട്ടുകാലിയുടെ ചതി മനസ്സിലാക്കിയ പൂമ്പാറ്റ പിന്നെ ആ വഴിക്ക് പോയിട്ടേയില്ല.

*അന്ന മരിയ [9B]*

# നല്ല കൂട്ടുകാർ

ഒരിടത്ത് ഒരു പ്രാവും ഉറുമ്പും ഉണ്ടായിരുന്നു അവർ വളരെ നല്ല കൂട്ടുക്കാർ ആയിരുന്നു ഒരിക്കൽ ഉറുമ്പു വെള്ളത്തിൽ വീ-ണ്ണു അപ്പോൾ പ്രാവ് മരത്തിന്റ മുകളിൽ ഇരുന്നു ഇതുകണ്ടു.

അപ്പോൾ പ്രാവ് ഒരു ഇല താഴെക്ക്  ഇട്ടു  അപ്പോൾ ഉറുമ്പ്  ഇല-യിൽ  കയറി രക്ഷപെട്ടു.

ഒരിക്കൽ പ്രാവിനെ പിടിക്കാൻ വേട്ടക്കാരൻ വന്നു

ഉറുമ്പ് അത് കണ്ടു അപ്പോൾ വെട്ടക്കാരനെ കടിച്ച് കാക്കയെ രക്ഷപ്പെടുത്തി. പ്രാവ് ഉറുമ്പിനൊട് നന്ദി പറഞ്ഞു.

by: Ashwin Mathew,Kevin,Abhijith

# അമ്മ

പകരമിനി ആയിരം
പേർ വന്നാലും ആയിരത്തിൽ
ഒരാൾക്കു പോലും പകരമാവാൻ
കഴിയാത്ത ഒന്നാണ് അമ്മ.

അമ്മ തല്ലിയതൊക്കെയും
കറ കളയാനായിരുന്നു.
പൊൻ മകളെ നി നന്നായ് വരണം
എന്ന് എന്നിൽ കനിഞ്ഞതും അമ്മ.

അമ്മയുടെ കൈകളിൽ പൊതിഞ്ഞതാണി
ഈ ലോകം.
അമ്മയെ പോലെ അമ്മ മാത്രം.
അമ്മയാണ് എൻ ലോകം .
അമ്മ  എൻ ജീവിതം.

- ആവണി എ.കെ (9:B)

# പ്രകൃതി

ഒരോ ദിവസവും ഒരോരോ ഭാവത്തിൽ
നിറഞ്ഞാടും ഹരിതമനോഹരമാണി പ്രകൃതി
വെയിലായി ,മഴയായി,മഞ്ഞായി
മാറുന്ന ഈ പ്രകൃതി.
ജീവിതത്തെ മനോഹരമാക്കുന്ന
ഈ സുന്ദരഹരിത വനം
ഹാ! ഈ സുന്ദരഭൂമിയെ
അലങ്കരികും ഹരിതമനോഹരം.

– *ജിസ്മി ബിജു* (9.A)

# അമ്മ

അക്ഷരമാലകൾ  ചൊല്ലി തന്ന
എന്നമ്മയെ കാണാൻ ഞാൻ കൊതിച്ചു
ഹൃത്തിനെ  വേദനിപ്പിക്കേണ്ട  കാര്യമുണ്ടോ
എന്തിനീ മൗനം എന്നമ്മേ
അമ്മ കാത്തിരിക്കുന്ന നിമിഷങ്ങൾ
ഞാൻ ഇവിടെ തനിച്ചാണ് എൻ അമ്മേ...
  അമ്മയെ നോക്കി നിൽപ്പൂ
കാണാ മറയത്തു ഞാൻ........

*TREESA JOSEPH.........*

# വെളിച്ചം

മനസ്സിൽ ഇരുട്ടാണെങ്കിൽ
ലോകം മുഴുവൻ ഇരുണ്ടതായി
തോന്നുന്നു..
മനസ്സിൽ വെളിച്ചമാണെങ്കിൽ
എല്ലായിടത്തും വെളിച്ചമുള്ളതായി
തോന്നുന്നു.....

*ആവണി കെ എസ്*